# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1839 17.06.2013-ൽ മറുപടി

### ബീമാപള്ളി വെടിവെയ്പ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) ബീമാപള്ളി വെടിവെയ്പ്പിനെക്കുറിച്ച് അന്വേഷിക്കുവാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (എ) ചെറിയതുറയിലേയും സമീപ പ്രദേശമായ ബീമാപള്ളിയിലേയും പോലീസ് വെടിവെയ്പ്പിനെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് കെ. രാമകൃഷ്ണൻ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ വെടിവെയ്പ്പിന് ഇടയാക്കിയ സംഭവങ്ങളെക്കുറിച്ച് വിശദമാക്കുമോ ;<br>സി) വെടിവെയ്പ്പ് അന്യായമായിരുന്നുവെങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.<br>ഡി) ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) (സി) & (ഡി) കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ നിഗമനങ്ങൾ, മുൻ കരുതലുകൾ, നിർദ്ദേശങ്ങൾ, ശുപാർശകൾ, എന്നിവ സർക്കാർ പരിശോധിക്കുകയും റിപ്പോർട്ടിലെ പല നിഗമനങ്ങളോട് പൂർണ്ണമായും യോജിപ്പില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളും ശുപാർശകളും പൊതുവിൽ അംഗീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച് സ. ഉ. (ആർറ്റി) നം. 3217/2012/ആഭ്യന്തരം നമ്പർ ഉത്തരവ് 30.10.2012 – ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകൾ കൈക്കൊണ്ട നടപടി റിപ്പോർട്ട് നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ